**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2577** **27-02-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയ്ക്ക് സൗജന്യ സൗരോർജ്ജം ലഭ്യമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ വാട്ടറിങ്-ഡീ വാട്ടറിങ് പമ്പിങ്ങിന് സൗജന്യ സൗരോർജ്ജം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (എ) | കുട്ടനാടൻ പാടശേഖരങ്ങളിലെ പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിനുള്ള സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുന്നു. പഠനം നടത്തിയവയിൽ അനുയോജ്യമായ സ്ഥലങ്ങളിൽ സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പമ്പുകൾ സൗരോർജ്ജവത്ക്കരിക്കുന്നതിന്റെ ഭാഗമായി വേണ്ടിവരുന്ന അധിക സബ്സിഡിയായി 5 കോടി രൂപ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്യുവാൻ അനെർട്ടും കൃഷി വകുപ്പും തമ്മിൽ ധാരണാപത്രം ഒപ്പിട്ടുണ്ട്. |
| (ബി) | വൈദ്യുതി ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകളും വലിയ വൈദ്യുതി ചാർജ്ജും കണക്കിലെടുത്തും കാർഷിക മേഖലയ്ക്ക് താങ്ങായും സൗരോർജ്ജം വ്യാപകമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് **പ്രധാനമന്ത്രി കുസും പദ്ധതി (PM-KUSUM)**. കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിലൂടെ ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ അനെർട്ട് പദ്ധതിയിടുന്നു. |

സെക്ഷൻ ഓഫീസർ